എറണാകുളം.
മട്ടാഞ്ചേരി.
ഗുരുവായൂർ.
തിരുവനന്തപുരം.

(സി) മുൻ കൊച്ചി, തിരുവിതാംകൂർ എന്നീ സംസ്ഥാനങ്ങളിൽ നിലവിലിരുന്ന ശമ്പളനിരക്കിലും, ക്ഷാമബത്ത നിരക്കിലും വ്യത്യാസമുള്ളതിനാൽ ശമ്പള ക്രമീകരണം നടപ്പിൽ വരുന്നതുവരെ ഇരുകൂട്ടരേയും, അതേനിരക്കിൽ തന്നെ ശമ്പളവും ബത്തയും വാങ്ങിക്കൊള്ളുവാൻ അനുവദിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കുറിക്കുന്നു.

ശമ്പളനിരക്ക്

	തിരുവിതാംകൂർ	കൊച്ചി
ഗ്രേഡ്സ്ഥന്മാർ	൪൫— ൬൫	൫൦— ൬൫
	൫൬— ൧൦൦	൫൬— ൧൨൫
	൧൦൦— ൧൨൫	൧൨൫— ൧൫൦
	൧൨൫— ൧൩൫	
സൂപ്രണ്ട്		
(സീക്രട്ടറിയേറ്റ്)	൧൬൫—൨൨൫	൧൫൦—൨൦൦
അസി. സെക്രട്ടറി	൨൬൫—൩൨൫	൨൦൦—൩൦൦
സെക്രട്ടറി	൪൫൦—൬൫൦	൪൫൦—൫൦൦

ക്ഷാമബത്ത നിരക്ക്

	രൂപ.	രൂപ. അണ.
൫൦ രൂപാ ശമ്പളത്തിനു്	൨൪	൨൦
൪൫ ,, ,,	൩൦	൨൨—൫— ൦
൧൦൦ ,, ,,	൩൦	൨൨—൫— ൦

മേൽകൊടുത്തിരിക്കുന്ന പട്ടികയിൻപ്രകാരം, ശമ്പളനിരക്കിലും, ക്ഷാമബത്ത നിരക്കിലും ഉള്ള വ്യത്യാസം മൂലം ശമ്പള ക്രമീകരണം നടപ്പിലാക്കുന്നതുവരെ ൧—൬—൧൯൪൯-ൽ നാരബത്ത വാങ്ങിക്കൊണ്ടിരുന്ന മുൻ കൊച്ചി ഉദ്യോഗസ്ഥന്മാരുടെ പ്രസ്തുത ബത്ത നിറുത്തേണ്ട എന്നു ഗവർമ്മെണ്ടു് തീരുമാനിച്ചു.

പോലീസു് ഡിപ്പാർട്ട്മെൻറു് പരിഷ്കാരം

*൨൭. (൨൨) ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു. ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) പോലീസു് ഡിപ്പാർട്ട്മെൻറിലെ പരിഷ്കാരത്തിൽ എ. എസ്സു്. പി. മുതൽ മകളിലോട്ടുള്ളവരുടെ ശമ്പളം പരിഷ്കരിക്കുകയൊ സ്കെയിൽ കൂട്ടുകയോ ചെയ്യാതിരുന്നതു് എന്തുകൊണ്ടാണെന്നു പറയുമോ;

(ബി) ഇപ്പോഴത്തെ പോലീസ് പരിഷ്കാരംകൊണ്ടു് ഗവർമ്മെണ്ടിനു് ലാഭമാണോ നഷ്ടമാണോ ഉണ്ടായിട്ടുള്ളതു്;

(സി) ഇപ്പോഴത്തെ പരിഷ്കാരം ആരുടെ നിർദ്ദേശമനുസരിച്ചാണു് നടത്തിയിട്ടുള്ളതെന്നു പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ നാരായണപിള്ള):

(എ) പ്രത്യേക കാരണം ഒന്നുമില്ല.

(ബി) പരിഷ്കരണം പൂർത്തിയായതിനുശേഷമെ പറയാൻ നിവൃത്തിയുള്ളു. എന്നാലും കൂടുതൽ ചിലവിനിടയുകയില്ലെന്നാണു് വിചാരിക്കേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആരുടേയും നിർദ്ദേശമനുസരിച്ചല്ല.

MEMORANDUM TO H. H. THE RAJPRAMUKH

*28. [7] **Sri. Ambat Eachara Menon:** Will the Hon'ble Chief Minister be pleased to state.—

(*a*) whether they are in receipt of a memorandum addressed to His Highness the Rajpramukh by a few merchants of Chalakudi on 18th July 1950; and

(*b*) if the facts are as stated therein why have the Government gone for such a change?

Minister for Industries, Excise and Local Self Government **[Sri. N. Kunjuraman]**

(*a*) Yes.

(*b*) The attention of the Honourable Member is invited to the Press Note dated 11th August 1950 on the subject.

പോലീസ് മർദ്ദനം

*൨൮. (൭൪) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) പെരുമ്പാവൂർ പോലീസിന്റെ ലാക്കപ്പുമർദ്ദനത്താൽ ഒരാൾ മരിച്ചു എന്നും, കൊട്ടാരക്കരവച്ച് ഒരു കോൺസ്റ്റബിളിനെ കുത്തിക്കൊന്ന ഒരു കമ്മ്യൂണിസ്റ്റുകാരൻ ലോക്കപ്പിൽവച്ചു മൃതിപ്രാപിച്ചെന്നും, ഒരു എസ്രാന്തിരിയേയും കുടുംബത്തേയും എറണാകുളം പോലീസ് അവമാനിച്ചെന്നും ഉള്ള കേസുകളെ സംബന്ധിച്ചു ഗവൺമെണ്ട് എന്തന്വേഷണമാണ് നടന്നിയിട്ടുള്ളത്;

(ബി) അന്വേഷണങ്ങളുടെ ഫലമെന്താണ്;

(സി) ചില പോലീസ് ഉദ്യോഗസ്ഥന്മാർ പൊതുജനങ്ങളോട് മൃഗീയമായി പെരുമാറുന്നു എന്നുള്ള സംഗതി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള).

(എ) ഡിപ്പാർട്ട്മെണ്ട് മുഖാന്തിരവും രഹസ്യമായും അന്വേഷണങ്ങൾ നടത്തുന്നുണ്ട്.

(ബി) പെരുമ്പാവൂർ സംഭവത്തെ സംബന്ധിച്ചു കുറക്കാരെന്ന സംശയമുള്ളവരുടെ പേരിൽ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്. കൊട്ടാരക്കര സംഭവം അന്വേഷണത്തിൽ ഇരിക്കുകയാണ്. എറണാകുളം സംഭവം അന്വേഷണത്തിൽ അടിസ്ഥാനരഹിതമാണെന്നു കണ്ടു.

(സി) ഇല്ല.

DELIMITATION COMMITTEE

*30. [77] **Sri. Paul Thaliath:** Will the Hon'ble the Chief Minister be pleasad to state.—

(*a*) whether the Cabinet Sub-Committee has examined and submitted its proposals on the Delimitation Committee report;

(*b*) if so whether the report along with the Cabinet proposals have been placed before the Parliamentary Advisory Committee;

(*c*) whether the Parliamentary Committee has completed its work; and

(*d*) if not how some of the proposals in the report were given publicity?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) Yes.

LIBRARY ARCHIVES Kerala Legislative Assembly